**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 957** **25.01.2018 ലെ മറുപടി**

**കിഫ്ബിയിൽ ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികളുടെ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 23 ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ 23 കുടിവെള്ള പദ്ധതികൾ 55 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. 18 പദ്ധതികളുടെ 24 പാക്കേജുകൾക്ക് എഗ്രിമെന്റ് ഒപ്പ് വച്ചു. എഗ്രിമെന്റ് ഒപ്പ് വച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| ബി) 2017-18 വർഷത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; | ബി) 2017-18 ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികളിൽ 4 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 9 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബാക്കിയുള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതികൾക്കു കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ പദ്ധതികളുടെ പണികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.<br><br>ഇത് കൂടാതെ സംസ്ഥാനത്തെ 148 സ്കീമുകളിലെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 |

കോടി രൂപയുടെ പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകുകയും ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലുമാണ്.. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| സി) പ്രസ്തുത പദ്ധതികൾ മോണിട്ടറിംഗ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്; പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനം വഴി മോണിറ്ററിംഗ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | സി) KIIFB പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജല അതോറിറ്റി ഹെഡ് ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനു റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . പ്രീക്വാളിഫിക്കേഷന് ശേഷം പ്രൈസ് ബിഡ് തുറന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ട് കേന്ദ്ര കാര്യാലയത്തിലേക്ക് അയക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കിയതിനാൽ കുറഞ്ഞ സമയത്തിനകം 35 പ്രവർത്തികൾ ടെണ്ടർ ചെയ്ത് 24 എണ്ണത്തിന്റെ പ്രവർത്തികൾ ആരംഭിക്കാനും കഴിഞ്ഞു<br><br>കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മോണിട്ടറിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട് .ഇതിൻ പ്രകാരം കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായേക്കാവുന്ന നടപടി ക്രമങ്ങളിലെ കാലതാമസം പരമാവധി ഒഴിവാക്കിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത് .<br><br>KIIFB യിലെ രണ്ടു പദ്ധതികൾ 2018 മാർച്ച് മാസത്തോടെ പൂർത്തിയാക്കി ജലവിതരണം ആരംഭിക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബി പദ്ധതികൾ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് സംവിധാനം വഴി മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ ആയിട്ടില്ല |

Renuka Sankar
സെക്ഷൻ ഓഫീസർ

അനുബന്ധം - I

## കിഫ്ബി 2016-17 പദ്ധതികൾ - എഗ്രിമെന്റ് ഒപ്പ് വച്ച പദ്ധതികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക കോടിയിൽ | പാക്കേജിൽ ഉൾപ്പെട്ട ഘടകങ്ങൾ |
|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35.00 | **പാക്കേജ്-1** :- 20 എം.എൽഡി. ജലശുദ്ധീകരണശാല, കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിങ്ങ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ. **പാക്കേജ്-2** :-ഭാരതപ്പുഴക്ക് കുറുകെയുള്ള തടയണയുടെ നിർമ്മാണം |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58.00 | **പാക്കേജ് -2** തിരുമൂലപുരത്തെ 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയും 2 ദശലക്ഷത്തിന്റെ സമ്പും തിരുവല്ലയിലെ 22 ദശലക്ഷത്തിന്റെ ഉന്നതതലസംഭരണി. തിരുമൂലപുരം സമ്പിലേയ്ക്കും ടാങ്കിലേയ്ക്കുമുള്ള ട്രാൻസ്മിഷൻ മെയിനുകൾ, തിരുമൂലപുരം ടാങ്കിൽ നിന്നുള്ള വിതരണം, തിരുവല്ലയിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം, കുറ്റപ്പുഴ പ്രദേശത്തെ വിതരണം, സോളാർപാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മുതലായവ |
| 3 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം | 76.00 | **പാക്കേജ് 1** - പമ്പ് സെറ്റ്, സബ് സ്റ്റേഷൻ അടക്കമുള്ള ട്രാൻസ്ഫോമർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണി **പാക്കേജ് 2** - 55 എം.എൽ.ഡി ശുദ്ധീകരണശാല, ചുറ്റുമതിൽ, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, പമ്പ് സെറ്റ്, സബ് സ്റ്റേഷൻ അടക്കമുള്ള ട്രാൻസ്ഫോർമർ **പാക്കേജ് 3**- ജലസംഭരണി (3 എണ്ണം), ഗ്രാവിറ്റി മെയിൻ |
| 4 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.40 | **പാക്കേജ് 2** 700 എം.എം. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 7950 മീ. |
| 5 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85.00 | **പാക്കേജ് -2** - 600 മീറ്റർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കലും കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 3 ജലസംഭരണികളുടെ നിർമ്മാണവും |
| 6 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34.00 | **പാക്കേജ് -1** 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, 12 മീറ്റർ വ്യാസമുള്ള കിണറിൻറേയും പമ്പ്ഹൗസിൻറേയും പുന:രുദ്ധാരണവും ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവൃത്തികളും |
| 7 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.60 | **പാക്കേജ് 1** -കിണർ, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, സബ് സ്റ്റേഷൻ അടക്കമുള്ള ട്രാൻസ്ഫോർമർ **പാക്കേജ് 2** - 42 എം.എൽ.ഡി ശുദ്ധീകരണശാല, ജലസംഭരണി (2 എണ്ണം), പമ്പ് ഹൗസ്, പമ്പ് സെറ്റ് |

| | | | |
|---|---|---|---|
| 8 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | സമ്പ്, പമ്പ് ഹൗസ്, ഉപരിതലസംഭരണി, വിതരണശൃംഖല |
| 9 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ച പ്പെടുത്തൽ, | 12.00 | വിതരണശൃംഖല മെച്ചപ്പെടുത്തൽ |
| 10 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, | 18.00 | 1. 67414 മീ. വിതരണശൃംഖല സ്ഥാപിക്കൽ<br>2. 8000 മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ<br>3. 40 എച്ച്പി യുടെ 2 സെൻട്രിഫ്യൂഗൽ പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കൽ<br>4. നിലവിലെ സർവ്വീസ് കണക്ഷൻ മാറ്റി സ്ഥാപിക്കൽ<br>5. ട്രാൻസ്ഫോർമർ യാഡിൽ റീടെയ്നിംഗ് വാൾ നിർമ്മിക്കൽ<br>6. ട്രീറ്റ്മെൻറ് പ്ലാൻറിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം |
| 11 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം, | 22.2 | -250 എം.എം. ഡി.ഐ. കെ.9, പമ്പിംഗ് മെയിൻ, 300 എം.എം. ഡി.ഐ. കെ.9 - 90 എം.എം. വിതരണ ലൈൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി. വണ്ടൂര് പഞ്ചായത്തിലേക്ക് 250mm DI K9 പൈപ്പ് ക്ലിയര് വാട്ടര് പമ്പിംഗ് മെയിന് വിതരണം ചെയ്ത് സ്ഥാപിച്ച് കമമീഷന് ചെയ്യുന്ന പ്രവൃത്തി<br>ക്ലിയര് വാട്ടര് 58 HP -2 Nos.സെന്ട്രിഫ്യൂഗൽ പമ്പ് സെറ്റ് സ്ഥാപിക്കൽ |
| 12 | നെന്മാറയും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പാക്കേജ്-1 | 24.5 | **പാക്കേജ്-1** :- 9.5 എൽ.എൽ & 11.5 എൽ.എൽ ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിങ്ങ് മെയിൻ, പമ്പ് സെറ്റ്, 7 എൽ.എൽ ഉന്നതതല ജലസംഭരണിയും നിലവിലുള്ള ഭൂതല ജലസംഭരണിയുടെയും നവീകരണം.<br>**പാക്കേജ്-2** :-9.5 എൽ, എൽ ഉന്നതതല ജല സംഭരണി, ക്ലീയർ വാട്ടർ പമ്പിങ്ങ് മെയിൻ, വിതരണ ശൃംഖല. |
| 13 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12.00 | മൂന്ന് മേഖലകളായി പൈപ്പ് ലൈൻ സ്ഥാപിക്കൽ (ഡിഐ, എച്ച്ഡിപിഇ, പിവിസി) മുതലായവ സ്ഥാപിച്ച് വിതരണശൃംഖല മെച്ചപ്പെടുത്തൽ |
| 14 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1 | 41.4 | **പാക്കേജ് -1**<br>1) ട്രീറ്റ്മെന്റ് പ്ലാന്റിന് സമീപമുള്ള സമ്പിൽ നിന്നുള്ള ഡിസ്ട്രിബ്യൂഷൻ<br>2) മണ്ണാറുഴ ലോ ലെവൽ സമ്പ്മുതൽ ട്രീറ്റ്മെന്റ് പ്ലാന്റ് വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ<br>3) ഇടപ്പാറ ലോ ലെവൽ ഏരിയയിലേക്കുള്ള ഡിസ്ട്രിബ്യൂഷൻ (സോൺ -2 )<br>4)ഇടപ്പാറ ഹൈ ലെവൽ ഏരിയയിലേക്കുള്ള വിതരണ ശൃംഖല (സോൺ 3)<br>5)മണ്ണാറുഴ ലോ ലെവൽ ടാങ്കിൽ നിന്നുള്ള വിതരണ ശൃംഖല (സോൺ 4) |

| | | | |
|---|---|---|---|
| . | | | 6) മണ്ണമ്പുഴ ഹൈലെവൽ ടാങ്കിൽ നിന്നുള്ള വിതരണ ശൃംഖല (സോൺ 5 )<br>7) കോട്ടുപുഴ GLSR ൽ നിന്നുള്ള വിതരണ ശൃംഖല (സോൺ 6)<br>8) മാമ്പാറ GLSR ൽ നിന്നുള്ള വിതരണ ശൃംഖല (സോൺ 7)<br>9) മണ്ണമ്പുഴ ലോ ലെവൽ സമ്പിൽ നിന്നും ഹൈ ലെവൽ സമ്പിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിങ്ങ് മെയിൻ |
| 15 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26.00 | **പാക്കേജ് -1** :- ഇത്തിളാംകുന്ന് ഭൂതലജലസംഭരണിയിലേക്ക് 250mm DI K9 - 3300m ക്ലിയര് വാട്ടര് പമ്പിംഗ് മെയിന്, ഫറൂക്ക് പ്രദേശത്തുള്ള ഉപരിതല ജലസംഭരണിയിലേക്ക് 250mm DI K9 - 6100m ഇത്തിളാം കുന്ന് ഭൂതലജലസംഭരണിയില് നിന്നും – സോണ് -1 300 എം.എം.DI K9 മുതല് 90 എം.എം. PVC പൈപ്പുക ൾ വിതരണം ചെയ്ത് സ്ഥാപിച്ച് പരിശോധന നടത്തി കമ്മീഷന് ചെയ്യുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി<br>**പാക്കേജ് -2**:- 8 ലക്ഷം ലിറ്ററ് സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിര്മ്മാണം. സോണ് -2 250 എം.എം.DI K9 മുതല് 90 എം.എം. PVC പൈപ്പുക ൾ വിതരണം ചെയ്ത് സ്ഥാപിച്ച് പരിശോധന നടത്തി കമ്മീഷന് ചെയ്യുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി. നിലവിലുള്ള ഭൂതല സംഭരണിയും പമ്പ് ഹൌസും പുതുക്കി പണിയല്, ചുറ്റുമതിൽ നിര്മ്മാണം. 60HP - 2 Nos. 55 HP ക്ലിയര് വാട്ടര് പമ്പ് സെറ്റ് |
| 16 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ് -1 | 10.00 | പാക്കേജ്-1 :- 8.5 എൽ.എൽ ഉന്നതതല ജല സംഭരണി, ക്ലീയർ വാട്ടർ പമ്പ് സെറ്റ് , ട്രാൻസ്ഫോർമർ, പമ്പിങ്ങ് മെയിനിൻറെയും വിതരണ ശൃംഖലയുടെയും അറ്റകുറ്റ പണികൾ |
| 17 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് -1 | 22.00 | പാക്കേജ്-1 :- 19 എം.എൽ.ഡി. ജലശുദ്ധീകരണശാല, കിണറും പമ്പ് ഹൗസും , റോ വാട്ടർ പമ്പിങ്ങ് മെയിൻ , പമ്പ് സെറ്റ് , ട്രാൻസ്ഫോർമർ. |
| 18 | താനൂർ മുനിസിപ്പാലിറ്റിയ്ക്കും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ്-1 ഉം 2 ഉം | 100.00 | **പാക്കേജ് 2**- 45 എം.എൽ.ഡി. ജലശുദ്ധീകരണശാല നിർമ്മാണം, , 44 എൽ.എൽ. ഉന്നതതല ജലസംഭരണി, 25 എൽ.എൽ. ഭൂതല ജലസംഭരണി നിർമ്മാണം, 450 ഡി.ഐ. കെ. 9 പമ്പിംഗ് മെയിന് |

Renuka Sankar
സെക്ഷൻ ഓഫീസർ

അനുബന്ധം-II

## കിഫ്ബി 2017-18 പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി – രണ്ടാം ഘട്ടം |
| 2 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി |
| 3 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി |
| 4 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി |
| 5 | എടയൂർ- ഇരിമ്പിളിയം – വളാഞ്ചേരി കുടിവെള്ള പദ്ധതി |
| 6 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി |
| 7 | തിരുവനന്തപുരം നെയ്യാർ ഡാം ഇതര ഉറവിടമാക്കിയുള്ള ജലവിതരണ പദ്ധതി |
| 8 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ |
| 9 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 10 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി |
| 11 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി |
| 12 | നഗരൂർ ,കരവാരം, പുളിമാത്ത് പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി |
| 13 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി |
| 14 | കിഴക്കൻ മല ജലവിതരണ പദ്ധതി |
| 15 | ചാത്തന്നൂർ ജലവിതരണ പദ്ധതി |
| 16 | പുറമറ്റം , കല്ലൂപ്പാറ , കോയിപ്പുറം, എഴുമറ്റൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി |
| 17 | തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, ഇരവിപേരൂർ പഞ്ചായത്തുകലേക്കുള്ള കുടിവെള്ള പദ്ധതി |
| 18 | കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം |
| 19 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി |
| 20 | കരിമ്പുകയം കുടിവെള്ള പദ്ധതി |
| 21 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി |
| 22 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ |
| 23 | കരുമാലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി |
| 24 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി |
| 25 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി |
| 26 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കന്നമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം |
| 27 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 28 | തലക്കുളത്തൂർ നാരായണൻ ചിറ കുടിവെള്ള പദ്ധതി |
| 29 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി |
| 30 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി |
| 31 | എ.ആർ.നഗർ പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 32 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം |
| 33 | കണ്ണൂർ ജില്ലയിലെ പേരാവൂരിലേക്കും സമീപ പഞ്ചായത്തുകളിലെക്കുമുള്ള ജലവിതരണ പദ്ധതി |
| 34 | പായം, അച്ചൻകുന്ന് പഞ്ചായത്തുകളിലെക്കുള്ള കുടിവെള്ള പദ്ധതി |
| 35 | തലശ്ശേരി- കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി |

Renuka Sankar
സെക്ഷൻ ഓഫീസർ